**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2137** **30-07-2021 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നിലവിൽ വന്നത് എന്നാണെന്നും ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഈ സ്ഥാപനം മുഖേന നൽകി വരുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നിലവിൽ വന്നത് 1995 ഫെബ്രുവരി 28 -നാണ്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഈ സ്ഥാപനം സ്വയം തൊഴിൽ, വിദ്യാഭ്യാസം, മൈക്രോ ക്രെഡിറ്റ്, വിവാഹം, സുവർണ്ണശ്രീ (പലവിധ ആവശ്യങ്ങൾക്ക്), വാഹനം, വ്യക്തിഗത എന്നീ വായ്പകൾ അനുവദിച്ചുവരുന്നു. |
| (ബി) | ഏതൊക്കെ മേഖലകളിലാണ് കെ.എസ്.ബി.സി.ഡി.സി. മുഖേന വായ്പ അനുവദിക്കുന്നതെന്നറിയിക്കുമോ; | (ബി) | സ്വയം തൊഴിൽ, വിദ്യാഭ്യാസം, മൈക്രോ ക്രെഡിറ്റ്, മറ്റു വ്യക്തിഗത വായ്പകൾ അനുവദിക്കുന്നു. |
| (സി) | കെ.എസ്.ബി.സി.ഡി.സി. നൽകുന്ന വ്യക്തിഗത വായ്പകൾ ഏതെല്ലാമെന്നും ഈ വായ്പകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ? | (സി) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകുന്ന വ്യക്തിഗത വായ്പകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. സ്വയം തൊഴിൽ വായ്പകളിൽ പുതിയതായി തുടങ്ങാൻ പോകുന്ന സംരംഭങ്ങൾക്കും, വിദ്യാഭ്യാസ വായ്പകൾ മെറിറ്റ് അടിസ്ഥാനത്തിലുമാണെങ്കിൽ മാത്രമേ വായ്പ അനുവദിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## മറ്റു പിന്നാക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ - NBCFDC പദ്ധതികൾ

<table>
<tr><th>പദ്ധതിയുടെ പേര്</th><th>പരമാവധി വായ്പാ തുക</th><th>പ്രായ പരിധി</th></tr>
<tr><td>1. സ്വയം തൊഴിൽ പദ്ധതി (3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>15 ലക്ഷം രൂപ</td><td>18 - 55</td></tr>
<tr><td>2. വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ) (3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>2 ലക്ഷം രൂപ</td><td>18 - 55</td></tr>
<tr><td>3. വിദ്യാഭ്യാസ വായ്പാ പദ്ധതി (3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 15 ലക്ഷം രൂപ (പ്രതിവർഷം 3 ലക്ഷം രൂപ) വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ)</td><td>16 - 32</td></tr>
<tr><td rowspan="2">4. റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി)</td><td>20 ലക്ഷം രൂപ</td><td>18 - 65</td></tr>
<tr><td colspan="2"><u>പ്രത്യേക ആനുകൂല്യം</u><br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി.</td></tr>
<tr><td rowspan="2">5. സ്റ്റാർട്ട്-അപ് വായ്പാ പദ്ധതി (പ്രൊഫഷണലുകൾക്ക് യോഗ്യതാടിസ്ഥാനത്തിൽ വരുമാന ദായക സംരംഭം ആരംഭിക്കുന്നതിനായി)</td><td>20 ലക്ഷം രൂപ</td><td>18 - 40</td></tr>
<tr><td colspan="2"><u>പ്രത്യേക ആനുകൂല്യം</u><br>വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി</td></tr>
<tr><td rowspan="2">6. റീ-ലൈഫ് വായ്പാ പദ്ധതി (താഴ്ന്ന വരുമാനക്കാരായ ഒ.ബി.സി. കുടുംബങ്ങൾക്ക് നാമമാത്ര / ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി)</td><td>1 ലക്ഷം രൂപ</td><td>5%</td></tr>
<tr><td colspan="2"><u>പ്രത്യേക ആനുകൂല്യം</u><br>വായ്പാ തുകയുടെ 50% (പരമാവധി 25000 രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി</td></tr>
</table>

## <u>മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈനമത വിഭാഗങ്ങൾക്ക്) - NMDFC പദ്ധതികൾ</u>

<table>
<tr><th>പദ്ധതിയുടെ പേര്</th><th>പരമാവധി വായ്പാ തുക</th><th>പ്രായ പരിധി</th></tr>
<tr><td>1. സ്വയം തൊഴിൽ പദ്ധതി - 1<br>(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>20 ലക്ഷം രൂപ</td><td>18 - 55</td></tr>
<tr><td>2. സ്വയം തൊഴിൽ പദ്ധതി - 2<br>(6 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>30 ലക്ഷം രൂപ</td><td>18 - 55</td></tr>
<tr><td>3. വിദ്യാഭ്യാസ വായ്പാ പദ്ധതി - 1<br>(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 15 ലക്ഷം രൂപ (പ്രതിവർഷം 3 ലക്ഷം രൂപ) വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ)</td><td>16 - 32</td></tr>
<tr><td>4. വിദ്യാഭ്യാസ വായ്പാ പദ്ധതി - 2<br>(6 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>ഇന്ത്യയിൽ പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) വിദേശത്ത് പഠിക്കുന്നതിന് 30 ലക്ഷം രൂപ (പ്രതിവർഷം 6 ലക്ഷം രൂപ)</td><td>16 - 32</td></tr>
<tr><td rowspan="2">5. റി-ടേൺ വായ്പാ പദ്ധതി - 1<br>(പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി)<br>(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>20 ലക്ഷം രൂപ</td><td>18 - 65</td></tr>
<tr><td colspan="2"><u>പ്രത്യേക ആനുകൂല്യം</u><br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങ ളിൽ 3% പലിശ സബ്സിഡി.</td></tr>
<tr><td rowspan="2">6. റി-ടേൺ വായ്പാ പദ്ധതി - 2<br>(പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസ മാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി)<br>(6 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>20 ലക്ഷം രൂപ</td><td>18 - 65</td></tr>
<tr><td colspan="2"><u>പ്രത്യേക ആനുകൂല്യം</u><br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങ ളിൽ 3% പലിശ സബ്സിഡി.</td></tr>
</table>

**KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ**
**(ഒ.ബി.സി. - മതന്യൂനപക്ഷ വിഭാഗങ്ങൾക്ക്)**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 2 ലക്ഷം രൂപ | 18 - 60 |
| 2. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്) (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 18 - 55 |
| 3. പ്രവർത്തന മൂലധന വായ്പാ (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 18 - 55 |
| 4. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 18 - 60 |
| 5. വിദ്യാശ്രീ വായ്പ പദ്ധതി (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 16 - 32 |
| 6. വാഹന വായ്പ (8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 8 ലക്ഷം രൂപ | 18 - 55 |
| 7. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥ ഗൃഹ) (8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 18 - 55 |
| 8. വ്യക്തിഗത വായ്പ (8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 18 - 55 |
| 9. എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 1 (1,20,000/- ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 18 - 55 |
| 10. എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 2 (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 18 - 55 |